# കർഷകരുടെ അവകാശങ്ങൾക്ക് വിലങ്ങ്

ഒരു വിളവിൽനിന്ന് വിത്തെടുത്ത് പുതിയ കൃഷിയിറക്കുന്നതിനും വിത്തുകൾ ശേഖരിച്ചുവയ്ക്കുന്നതിനും ക്രയവിക്രയം ചെയ്യുന്നതിനുമുള്ള സ്വാതന്ത്ര്യം കർഷകന്റെ അവകാശങ്ങളാണ്. എന്നാൽ ഈ അവകാശങ്ങൾ ഒരു കണ്ടുപിടിത്തത്തിന്റെ രക്തസാക്ഷിയാവുകയാണിന്ന്.

പുതിയ കണ്ടുപിടിത്തത്തിന്റെ കാര്യത്തിലേക്കു കടക്കുംമുമ്പ് കർഷകന്റെ അവകാശങ്ങളെക്കുറിച്ച് ചില കാര്യങ്ങൾ. ഇന്ത്യൻ പാർലമെന്റിനുമുന്നിൽ ഇപ്പോൾ പരിഗണനയിലുള്ള കാർഷികവിള സംരക്ഷണ ബിൽ കർഷകന്റെ അവകാശങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. കേൾക്കുമ്പോൾ നിസാരമെന്നു തോന്നുന്ന ഈ അവകാശങ്ങളെച്ചൊല്ലി ഇതിനകംതന്നെ ഇവിടെ ഏറെ ചർച്ചകൾ നടന്നു. 1993-ൽ പണി തുടങ്ങിയ ബിൽ ഇപ്പോൾ നാലാം കരടുരൂപത്തിൽ എത്തിനില്ക്കുകയാണ്. കർഷകന്റെ അവകാശങ്ങളെച്ചൊല്ലിയുള്ള തർക്കങ്ങളാണ് ഈ ബില്ലിനു ഇത്രയും കാലതാമസം ഉണ്ടാവാൻ കാരണം. ലോകവാണിജ്യ സംഘടനയുടെ നിബന്ധനയനുസരിച്ച് 1999 അവസാനത്തോടെ ഇന്ത്യാ ഗവൺമെന്റിന് ഇത്തരം ഒരു നിയമനിർമാണം നടത്താതെ തരമില്ല.

പുതിയ സാമ്പത്തികനയത്തിന്റെ ഭാഗമാണ് കാർഷികവിള സംരക്ഷണബിൽ എന്നു പറഞ്ഞു യൂറോപ്യൻ രാജ്യങ്ങളിൽ നിലനിന്നുപോരുന്ന കാർഷികവിള സംരക്ഷണ ബില്ലിന്റെ മാതൃകയിലുള്ള നിയമനിർമാണമാണ് ആദ്യം നമ്മുടെ രാജ്യത്തും വിഭാവനംചെയ്തത്. എന്നാൽ, അന്നാടുകളിൽ കർഷകന്റെ യഥാർഥ അവകാശങ്ങൾ അത്ര പ്രസക്തമല്ല. കാരണം അവിടെ പുതുവിള ഇനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിൽ സ്വകാര്യ കമ്പനികളാണ് മുന്നിൽ. തന്മൂലം സ്വകാര്യവിത്തുത്പാദനകമ്പനികളുടെ താത്പര്യങ്ങൾക്കാണ് മുൻതൂക്കവും. എന്നാൽ, ചെറുകിട നാമമാത്ര കർഷകരുടേതായ വൻ സമൂഹം ഉള്ള നമ്മുടെ രാജ്യത്ത് കർഷകന്റെ അവകാശങ്ങൾകൂടി സംരക്ഷിക്കപ്പെടാതെ ഒരു നിയമനിർമാണം നടത്തുന്നതിൽ കഴമ്പില്ല എന്നാണ് മിക്ക വിദഗ്ധരുടെയും അഭിപ്രായം. മാത്രമല്ല, നമ്മുടെ രാജ്യത്തെ കാർഷിക ഗവേഷണം അധികവും പൊതുമേഖലയിലുള്ള സ്ഥാപനങ്ങളിലാണുതാനും. (പക്ഷേ, നമ്മുടെ രാജ്യത്തെ പ്രബലരായ ചില സ്വകാര്യകമ്പനികൾ കർഷകന്റെ അവകാശങ്ങൾക്ക് എതിരാണ്)

ഇന്നു വിത്തുല്പാദനരംഗത്ത് പല വമ്പൻ കമ്പനികളും ആഗോളവ്യാപകമായി ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ കമ്പനികൾ പൊതുവെ കർഷകന്റെ ആഗ്രഹങ്ങൾക്ക് എതിരാണ്. കാരണം നിസാരം. കർഷകർ സ്വയം വിത്തുല്പാദിപ്പിച്ചു വിതരണം നടത്തിയാൽ കമ്പനിയുടെ കാര്യം പരുങ്ങലിലാകും. ഓരോ പ്രാവശ്യവും കർഷകർ വിത്തും അതിനാവശ്യമായ കള-കീടനാശിനികളും നേരിട്ടു വാങ്ങിയാലല്ലേ കമ്പനിയുടെ ബാലൻസ്ഷീറ്റിൽ ലാഭം കൂടുകയുള്ളൂ. കർഷകർ സ്വയം വിത്തുത്പാദിപ്പിച്ച് ക്രയവിക്രയം നടത്തിയാൽ പിന്നെ കമ്പനി എന്തിന്? ഇക്കാരണങ്ങൾകൊണ്ട് ആദ്യം മുതലേ മിക്ക സ്വകാര്യ വിത്തുത്പാദക കമ്പനികളും ഒളിഞ്ഞും തെളിഞ്ഞും കർഷകന്റെ അവകാശങ്ങൾ ഇല്ലാതാക്കാൻ ശ്രദ്ധിച്ചിരുന്നു.

തങ്ങളുടെ ലക്ഷ്യം അവർ ഇപ്പോൾ ഏറെക്കുറെ നേടിയിരിക്കയാണ്. അല്പം വളഞ്ഞ മാർഗത്തിൽ കൂടെയാണെങ്കിലും പുതിയ ഇനം വിളകളുടെ വിത്തിൽ ജനിതക എൻജിനീയറിംഗിലൂടെ ടെർമിനേറ്റർ ജീൻ എന്ന നശീകരണ ജീൻ വിളക്കിച്ചേർത്താൽ ഒരു തലമുറ കഴിഞ്ഞാൽ പിന്നെ ഈ പുതിയ ഇനം വിത്തുകളുടെ അങ്കുരണശേഷി ഇല്ലാതാകുമെന്നു കണ്ടെത്തിയിരിക്കുന്നു. ഫലമോ, കർഷകൻ കൊയ്തെടുക്കുന്ന വിളവിൽനിന്നു വിത്തിനായി ശേഖരിക്കുന്നവ അടുത്ത സീസണിൽ വിതച്ചാൽ മുളയ്ക്കില്ല. മറ്റു മാർഗമില്ലാതെ കർഷകർ വിത്തിനായി വീണ്ടും കമ്പനിയെ ശരണം പ്രാപിക്കേണ്ടിവരുന്നു. ഈ പുതിയ സാങ്കേതികവിദ്യയ്ക്ക് പേറ്റന്റ് സംരക്ഷണവും ലഭിച്ചുകഴിഞ്ഞിരിക്കുന്നു. (ഇപ്പോൾ കണ്ടുപിടിത്തത്തിന്റെ പേറ്റന്റ് സംരക്ഷണം മോൺസാന്റോ എന്ന ബഹുരാഷ്ട്രകമ്പനിക്കാണ്)

കമ്പനിക്ക് എന്തു ന്യായം പറയാനുണ്ടെങ്കിലും കർഷകന്റെ അവകാശങ്ങളെ ധ്വംസിക്കുന്നു എന്നതിലുപരി ടെർമിനേറ്റർ ടെക്നോളജി പല ദൂരവ്യാപകങ്ങളായ പ്രത്യാഘാതങ്ങൾക്കും വഴിവെച്ചേക്കാം.

★

**ഡോ. ബി.ശശികുമാർ**